ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07-06-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ആഗോളതലത്തിൽ ഏറ്റവും കുറഞ്ഞ വിലയിൽ പാചകവാതകം ലഭിക്കുന്നത് ഇന്ത്യയിലെ കുടുംബങ്ങൾക്കെന്ന് കേന്ദ്ര സർക്കാർ.

**The Central Government says Indian households receive cooking gas at among the lowest prices globally.**

2. ഭൂകമ്പ പുനർനിർമാണ പദ്ധതിയുടെ ഭാഗമായി നേപ്പാളിന് 72 ആരോഗ്യ സൗകര്യങ്ങളും 12 പൈതൃക പദ്ധതികളും കൈമാറി ഇന്ത്യ.

**India hands over 72 health facilities and 12 cultural heritage projects to Nepal under the post-earthquake reconstruction programme.**

3. ഇന്ന് ലോക ഭക്ഷ്യ സുരക്ഷാ ദിനം; നല്ല ഭക്ഷണശീലങ്ങളിലൂടെ ആരോഗ്യകരവും സ്വയംപര്യാപ്തവുമായ ഇന്ത്യയ്ക്കായി എല്ലാവരും കൈകോർക്കണമെന്ന് ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡ.

**World Food Safety Day today; Health Minister J.P. Nadda calls on citizens to join hands for a healthy and self-reliant India through good food habits.**

4. ചലച്ചിത്രതാരം സലിംകുമാറിന് വിടനൽകാനൊരുങ്ങി കേരളം; അന്തിമോപചാരം അർപ്പിച്ച് ആയിരങ്ങൾ, സംസ്കാരം ഇന്ന് വൈകിട്ട് ഔദ്യോഗിക ബഹുമതികളോടെ.

**Kerala bids farewell to actor Salim Kumar; thousands pay their last respects, state honours to mark funeral this evening**

5. കേരളത്തിൽ കാലവർഷം ശക്തി പ്രാപിക്കുന്നു. ഏഴ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മറ്റെന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

**Southwest monsoon intensifies over Kerala; Orange alert in seven districts today. Fishermen are advised not to venture along the Kerala, Karnataka and Lakshadweep coasts till day after tomorrow.**

6. ഫ്രഞ്ച് ഓപ്പൺ പുരുഷ സിംഗിൾസ് ഫൈനൽ ഇന്ന്. വനിതാ സിംഗിൾസിൽ റഷ്യൻ താരം മിറാ ആൻഡ്രേവയ്ക്ക് കിരീടം.

**French Open men's singles final today; Russian star Mirra Andreeva clinches the women's singles title.**

&&&&&&&&&&&&&&&&&

**INDIA-INDONESIA MEETING**

ഇന്ത്യ-ഇന്തോനേഷ്യ സംയുക്ത കമ്മീഷൻ നാല് വർഷത്തെ ഇടവേളയ്ക്കുശേഷമാണ് വീണ്ടും ചേരുന്നതെന്നും, ഈ കാലയളവിൽ ഉഭയകക്ഷി ബന്ധത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചതായും വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ന്യൂഡൽഹിയിൽ ഇന്ത്യ-ഇന്തോനേഷ്യ സംയുക്ത കമ്മീഷൻ യോഗത്തിൽ സഹ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. രാഷ്ട്രീയം, പ്രതിരോധം, സുരക്ഷ, സമുദ്ര സഹകരണം, വ്യാപാരവും നിക്ഷേപവും, ആരോഗ്യം, ഔഷധനിർമാണം, ഭക്ഷ്യസുരക്ഷ, വിനോദസഞ്ചാരം, വിദ്യാഭ്യാസം, സാംസ്കാരിക സഹകരണം എന്നിവയുൾപ്പെടെ ഉഭയകക്ഷി സഹകരണത്തിന്റെ മുഴുവൻ മേഖലകളെക്കുറിച്ചും വിശദമായ ചർച്ചകൾ നടത്താൻ ആഗ്രഹിക്കുന്നതായും ശ്രീ ജയശങ്കർ വ്യക്തമാക്കി. ഇൻഡോനേഷ്യൻ വിദേശകാര്യ മന്ത്രി സുഗിനോയും യോഗത്തിൽ അധ്യക്ഷത വഹിച്ചു.

&&&&&&&&&&&&&&&&&&

**HEADLINE-2**

**JAISHANKAR-NEPAL FM**

വിദേശകാര്യ മന്ത്രി എസ്. ജയശങ്കറും നേപ്പാൾ വിദേശകാര്യ മന്ത്രി ശിശിർ ഖനാലും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. 2015-ലെ ഭൂകമ്പാനന്തര പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി നേപ്പാളിന് 72 ആരോഗ്യ സംവിധാനങ്ങളും 12 സാംസ്കാരിക പൈതൃക പദ്ധതികളും വെർച്വലായി കൈമാറി. അതിർത്തി കടന്നുള്ള പണമിടപാടുകൾ സുഗമമാക്കുന്നതിനായി യു.പി.ഐയും നേപ്പാളിന്റെ നാഷണൽ പേയ്മെൻറ് ഇൻറർഫേസും ബന്ധിപ്പിക്കുന്ന പദ്ധതിക്കും ഇരു നേതാക്കളും തുടക്കം കുറിച്ചു. ഡിജിറ്റൽ ഇന്ത്യ ഭാഷിണിയും കാഠ്മണ്ഡു സർവകലാശാലയും തമ്മിലുള്ള ധാരണാപത്രവും കൈമാറി. ഇന്ത്യ – നേപ്പാൾ അതിർത്തി സുരക്ഷയ്ക്കായി പരസ്പര സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നതെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**HEADLINE-1**

**GOVT-LPG (INTRO)**

***അന്താരാഷ്ട്ര തലത്തിൽ എൽപിജി വിലയിൽ വൻ വർധനവ് ഉണ്ടായിട്ടും ആഗോളതലത്തിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് പാചക വാതകം ലഭ്യമാകുന്നത് ഇന്ത്യയിലെ കുടുംബ ങ്ങൾക്കാണെന്ന് കേന്ദ്ര സർക്കാർ.***

***വിശദാംശ ങ്ങളിലേക്ക്......***

***ഹോൾഡ്-വോയ്സ്)***

***ഗാർഹിക ആവശ്യങ്ങൾക്കുള്ള എൽപിജി പാചകവാതക സിലി ണ്ടറിന്റെ വില 29 രൂപയാണ് ഇന്ന് വർധിപ്പിച്ചത് . 14 ദശാംശം 2 കിലോഗ്രാം ഭാരമുള്ള ഗാർഹിക എൽപിജി സിലി ണ്ടറിനാണ് വിലവർധന ബാധകമാകുന്നത്. ഇന്ന് മുതൽ പ്രാബല്യത്തിൽ വന്ന പുതിയ നിരക്ക് അനുസരിച്ച് ഡൽഹിയിൽ ഒരു ഗാർഹിക എൽപിജി സിലി ണ്ടറി ന്റെ വില 942 രൂപയാണ്. എന്നാൽ അമേരിക്ക, ഓസ്ട്രേലിയ, കാനഡ തുടങ്ങിയ വികസിത സമ്പദ്‌വ്യവസ്ഥകളിലെ വിലയെ അപേ ക്ഷിച്ച് വളരെ കുറവാണ് ഇന്ത്യയിലെ എൽ പി ജി വിലയെന്ന് പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ആഗോള ഊർജ്ജ വിപണികളുടെ അസ്ഥിരമായ ആഘാതത്തിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനായി, വർദ്ധനവി ന്റെ ഒരു പ്രധാന ഭാഗം സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു. പറയുന്നു . ഹോർമുസ് കടലിടുക്കിലൂടെ ഊർജ്ജ ചരക്കുകൾ നീക്കാൻ കഴിഞ്ഞ ചുരുക്കം ചില രാജ്യങ്ങളിൽ ഇന്ത്യയും ഉൾപ്പെടുന്നുവെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കി.***

***ന്യൂസ്ഡെസ്ക്, ആകാശവാണി.***

&&&&&&&&&&&&&&&&&

**NTA - NEET RUMOUR**

നീറ്റ് UG പുനഃപരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായുള്ള പ്രചാരണം തള്ളി നാഷണൽ ടെസ്റ്റിംഗ് ഏജൻസി. ഇതുമായി ബന്ധപ്പെട്ട് സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന അവകാശവാദങ്ങൾ വ്യാജമാണെന്ന് എൻ.ടി.എ അറിയിച്ചു. പരീക്ഷാപ്രക്രിയ കുറ്റമറ്റതാക്കുന്നതിനും ഉദ്യോഗാർത്ഥികൾക്ക് സുരക്ഷിതവും സുതാര്യവുമായ പരീക്ഷ ഉറപ്പാക്കാനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും എൻ.ടി.എ വ്യക്തമാക്കി.

&&&&&&&&&&&&&&&&&

**CBSE-REEVALUATION CLASS 12**

CBSE 12 -ാം ക്ലാസ് പരീക്ഷ പേപ്പറുകളുടെ പുനഃ പരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസരം ഇന്ന് അവസാനിക്കും.ഇന്ന് അർധരാത്രി വരെ അപേക്ഷ സമർപ്പിക്കാനുള്ള പോർട്ടൽ തുറന്നിരിക്കുമെന്നു CBSE സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**HEADLINE-3**

**WORLD FOOD SAFETY DAY (INTRO)**

***ലോക ഭക്ഷ്യസുരക്ഷാ ദിനത്തോടനുബന്ധിച്ച് സുരക്ഷിതവും ശുചിത്വമുള്ളതുമായ ഭക്ഷണം ഉറപ്പാക്കാനുള്ള കേന്ദ്ര സർക്കാരിൻറെ പ്രതിബദ്ധത ആവർത്തിച്ച് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ. നല്ല ഭക്ഷണശീലങ്ങൾ പിന്തുടർന്ന് ആരോഗ്യകരവും സ്വയംപര്യാപ്തവുമായ ഇന്ത്യയെ കെട്ടിപ്പടുക്കാൻ എല്ലാവരും കൈകോർക്കണമെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിലൂടെ ആഹ്വാനം ചെയ്തു.***

***വിശദാംശങ്ങളിലേക്ക്......***

***(വോയിസ്)***

***പാചക എണ്ണയുടെ ഉപയോഗം 10 ശതമാനം കുറയ്ക്കുകയും സമീകൃത ആഹാരശീലം സ്വീകരിക്കുകയും ചെയ്യണമെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനവും കേന്ദ്ര മന്ത്രി ജെ പി നഡ്ഡ ഓർമ്മിപ്പിച്ചു. മികച്ച ആരോഗ്യവും ശക്തമായ രാഷ്ട്രനിർമ്മാണവും ലക്ഷ്യമിട്ടുള്ള ഈ സന്ദേശം ജനങ്ങൾ ഏറ്റെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ-കാർഷിക സംഘടനയും ലോകാരോഗ്യ സംഘടനയും ദേശീയ ഭരണകൂടങ്ങൾ, സിവിൽ സമൂഹ സംഘടനകൾ, അക്കാദമിക് സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ എല്ലാ വർഷവും ജൂൺ ഏഴിനാണ് ലോക ഭക്ഷ്യസുരക്ഷാ ദിനം ആചരിക്കുന്നത്. ഭക്ഷ്യസുരക്ഷ എല്ലാവരുടെയും അവകാശവും ഉത്തരവാദിത്വവുമാണെന്ന സന്ദേശം ഉയർത്തിപ്പിടിക്കുന്ന ഈ ദിനം കൂട്ടായ പ്രവർത്തനത്തിനുള്ള വേദിയായും മാറുന്നു. പ്രശ്നത്തിൽ നിന്ന് പരിഹാരത്തിലേക്ക് – എല്ലായിടത്തും സുരക്ഷിത ഭക്ഷണം" എന്നതാണ് ഈ വർഷത്തെ പ്രമേയം. കൃഷിയിടം മുതൽ ഭക്ഷണമേശ വരെ ശുചിത്വവും ശാസ്ത്രീയ***

*രീതികളും പാലിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷ ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യമാണ് ഇതിലൂടെ ഊന്നിപ്പറയുന്നത്. ന്യൂസ്ഡെസ്ക്, ആകാശവാണി*

&&&&&&&&&&&&&&&&&&

## ANUPRIYA PATEL – INTERVIEW

രാജ്യത്ത് സമഗ്രമായ ഡിജിറ്റൽ ആരോഗ്യ ആവാസവ്യവസ്ഥ വളർത്തിയെടുക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേൽ. ആകാശവാണി വാർത്തയ്ക്ക് അനുവദിച്ച പ്രത്യേക അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അവർ. ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻറെ ഭാഗമായി രാജ്യത്ത് ഇതുവരെ 90 കോടിയിലധികം 'ആഭ' തിരിച്ചറിയൽ കാർഡുകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും 100 കോടിയിലധികം ഡിജിറ്റൽ മെഡിക്കൽ രേഖകൾ ഈ ഐഡികളുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## HEADLINE-4

## ACTOR SALIMKUMAR-CREMATION

അന്തരിച്ച മലയാള നടൻ സലിം കുമാറിന് വിട നൽകാനൊരുങ്ങി കേരളം. ഔദ്യോഗിക ബഹുമതികളോടെ വൈകിട്ട് 3.30 ന് പറവൂരിലെ വീട്ടുവളപ്പിലാണ് സംസ്കാരം. പറവൂർ ടൗൺ ഹാളിൽ നടക്കുന്ന പൊതുദർശനത്തിൽ, മുഖ്യമന്ത്രി വി.ഡി സതീശൻ, മന്ത്രിമാർ, സിനിമ, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ സലിംകുമാറിന് അന്ത്യാഞ്ജലി അർപ്പിച്ചു. പ്രിയ നടനെ അവസാനമായി കാണാൻ നൂറുകണക്കിന് ആരാധകരാണ് ടൗൺഹാളിൽ എത്തിയത്. കൊച്ചി അമൃത ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെ

രാത്രിയായിരുന്നു സലിംകുമാർ അന്തരിച്ചത്. മൂന്നുപതിറ്റാണ്ടിനിടെ 350 ഓളം ചിത്രങ്ങളിൽ വേഷമിട്ട സലിംകുമാർ നർമപ്രാധാന്യമുള്ള കഥാപാത്രങ്ങൾ സ്വന്തം ശൈലിയിലൂടെ അവതരിപ്പിച്ചു. മികച്ച നടനുള്ള ദേശീയ, സംസ്ഥാന പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. സംവിധായകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ, ചിന്തകൻ എന്നീ നിലകളിലും ശ്രദ്ധ നേടി.

&&&&&&&&&&&&&&&&&&

**HEADLINE-5**

**RAIN – KERALA**

കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്നു. തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിൽ നാളെയും മഴ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരളം- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

**REV. MANDAVIYA-CYCLING (INTRO)**

*ന്യൂഡൽഹിയിൽ സംഘടിപ്പിച്ച 'ഫിറ്റ് ഇന്ത്യ സൺഡേസ് ഓൺ സൈക്കിൾ' സംരംഭത്തിന്റെ 77-ാമത് പതിപ്പിൽ കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ പങ്കെടുത്തു. സൈക്കിൾ ഉപയോഗം പരിസ്ഥിതിയെ ശുചിയായി നിലനിർത്തുന്നതിനൊപ്പം രൂക്ഷമായ ഗതാഗതക്കുരുക്കിനും ഫലപ്രദമായ പരിഹാരമാണെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. സൈക്കിൾ ചവിട്ടുന്നതിലൂടെ ലഭിക്കുന്ന നിരവധി ആരോഗ്യഗുണങ്ങൾ പരാമർശിച്ച മന്ത്രി, 'ഫിറ്റ് ഇന്ത്യ' എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ എല്ലാവരും ഈ ജനകീയ സംരംഭത്തിന്റെ ഭാഗമാകണമെന്ന് ആഹ്വാനം ചെയ്തു.*

*(ഹോൾഡ്-വോയ്സ്)*

&&&&&&&&&&&&&&&&&&

**HEADLINE-6**

## FRENCH OPEN 2026

ഫ്രഞ്ച് ഓപ്പൺ പുരുഷ സിംഗിൾസ് ഫൈനൽ ഇന്ന്. ജർമനിയുടെ അലക്സാണ്ടർ സ്വേരേവ് - ഇറ്റലിയുടെ ഫ്ലാവിയോ കോബോളി എന്നിവരാണ് കലാശപ്പോരാട്ടത്തിൽ മാറ്റുരക്കുക. ഇന്നലെ നടന്ന വനിതാ സിംഗിൾസിൽ റഷ്യൻ താരം മിറാ ആൻഡ്രേവ കിരീടം അണിഞ്ഞിരുന്നു. താരത്തിന്റെ കന്നി ഗ്രാൻഡ് സലാം ആയിരുന്നു ഇന്നലത്തേത്.

&&&&&&&&&&&&&&&&&

## CRICKET

അഫ്ഗാനിസ്ഥാനെതിരായ ക്രിക്കറ്റ് ടെസ്റ്റ് ഒന്നാം ഇന്നിംഗിസിൽ ഇന്ത്യയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു. ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ രണ്ടാംദിനം ഒടുവിൽ റിപോർട്ട് ലഭിക്കുമ്പോൾ 7 വിക്കറ്റ് നഷ്ടത്തിൽ 535 റൺസ് എന്ന നിലയിലാണ്. KL രാഹുൽ, ശുഭ്മാൻ ഗിൽ എന്നിവരുടെ സെഞ്ച്വറികളാണ് ഇന്ത്യക്ക് മികച്ച സ്കോർ സമ്മാനിച്ചത്.

&&&&&&&&&&&&&&&&&

## US-IRAN CONFLICT

ഹോർമുസ് കടലിടുക്കിലെ അന്താരാഷ്ട്ര കപ്പൽ ഗതാഗതം ലക്ഷ്യമിട്ടുള്ള ഇറാന്റെ രണ്ടു ഡ്രോണുകൾ വെടിവച്ചിട്ടതായി യു എസ് . വൈത്തിലെയും ബഹ്‌റൈനിലെയും അമേരിക്കൻ സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ഇറാൻ ഇന്നലെ ഭൂഖണ്ഡനന്തര മിസൈൽ തൊടുത്തിരുന്നു. ഡ്രോൺ ആക്രമണത്തിന് മറുപടിയായി ഗോറുക് ,ഖ്വഷ്മ് ദ്വീപുകളിലെ ഇറാന്റെ റഡാർ -നിരീക്ഷണ സംവിധാനങ്ങൾ യുഎസ് സേന തകർത്തതിന് പിന്നാലെയാണ് ഇത്. അതിനിടെ മേഖലയിൽ സമാധാനം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട ചർച്ചകൾക്കായി പാക് ആഭ്യന്തര മന്ത്രി മൊഹ്സിന് നഖ്‌വി ടെഹ്‌റാനിൽ എത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&